(സി) പ്രയോജനപ്പെടുത്താറുണ്ട്. സി.സി.ടി.വി. ദൃശ്യങ്ങൾ റെക്കോർഡ് ചെയ്ത് സൂക്ഷിക്കുവാൻ സാങ്കേതികമായി സാധിക്കുമെങ്കിലും കൂടുതൽ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യുന്ന മുറയ്ക്ക് പഴയ ദൃശ്യങ്ങൾ താനേ മാഞ്ഞു പോകുന്നതാണ്.

ബാർ കോഴക്കേസ്

189 (3009) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാർ കോഴക്കേസ്സിൽ ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് ഏത് തീയതിയിലായിരുന്നു ; പ്രസ്തുത ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ബാർ കോഴക്കേസ്സിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 10-12-2014-ൽ പ്രഥമ വിവരറിപ്പോർട്ട് രജിസ്റ്റർ ചെയ്തു. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്.

ടിപ്പർ ലോറി അപകടങ്ങൾ

190 (3010) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ടിപ്പർ ലോറികളുമായി ബന്ധപ്പെട്ടുള്ള എത്ര അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ലതിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) ടിപ്പർ ലോറി അപകടവുമായി ബന്ധപ്പെട്ട് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന വിവരം ജില്ലതിരിച്ച് വാർഷിക ക്രമത്തിൽ അറിയിക്കുമോ ;

(സി) ടിപ്പർ ലോറികളുടെ അമിത വേഗതമൂലം വർദ്ധിച്ചുവരുന്ന അത്യാഹിതങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 3,039 അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly